മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 19

## വാർത്താക്കുറിപ്പ് (2)

---

## ഗോത്ര അധിവാസം;ശിൽപ്പശാല ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അന്തര് സർവകലാശാലാ സാമൂഹിക ശാസ്ത്ര ഗവേഷണ കേന്ദ്രം പശ്ചിമഘട്ടത്തിലെ ആദിവാസി, ഗോത്ര അധിവാസത്തെക്കുറിച്ച് ഇന്ന്(ഒക്ടോബർ 20) തൊടുപുഴ മുൻസിപ്പല് ടൗണ് ഹാളിൽ ശിൽപ്പശാല സംഘടിപ്പിക്കും.

രാവിലെ പത്തിന് ആരംഭിക്കുന്ന പരിപാടിയില് ഇടുക്കിയിലെ പാരിസ്ഥിതിക സുസ്ഥിരതയെയും ആദിവാസി, ഗോത്ര അതിജീവന പ്രശ്നങ്ങളെയും കേന്ദ്രീകരിച്ചുള്ള ചർച്ചകളാണ് നടക്കുക. പിന്നിട്ട അര നൂറ്റാണ്ടിനിടയിൽ ഇടുക്കിയിലെ ആദിവാസി, ഗോത്ര അധിവാസ മേഖലകളില് സംഭവിച്ച മാറ്റങ്ങൾ ഈ വിഭാഗങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ സൃഷ്ടിച്ച ചലനങ്ങളും വെല്ലുവിളികളും വിലയിരുത്തും.

ആദിവാസി,ഗോത്ര വിഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളും സർക്കാർ, തദ്ദേശ സ്ഥാപന പ്രതിനിധികളും പങ്കെടുക്കും. ശിൽപ്പശാലയിലെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ സാമൂഹിക ശാസ്ത്ര ഗവേഷണകേന്ദ്രം തയ്യാറാക്കുന്ന വികസന-നയ രേഖയിൽ ഉൾപ്പെടുത്തുമെന്ന് അന്തർ സർവകലാശാലാ സാമൂഹിക ശാസ്ത്ര ഗവേഷണ കേന്ദ്രം ഡയറക്ടര് കെ.എം. സീതി അറിയിച്ചു.

(പി.ആർ.ഒ./39/1496/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**